## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **03-02-2026 - ൽ മറുപടിയ്ക്ക്**

## നെൽവയൽ - തണ്ണീർതട ഡേറ്റാ ബാങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽവയൽ - തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധീകരിച്ച ഡേറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ഇ.സി) ഏതൊക്കെ വില്ലേജുകളിലാണ് പൂർത്തിയാക്കിയത്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആദ്യ ഘട്ടത്തിൽ 500 കൃഷിഭവനുകൾ ആധാരമാക്കി ഡാറ്റാബാങ്ക് വാലിഡേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിയമാനുസൃതം ആരാണിത് പ്രസിദ്ധീകരിക്കേണ്ടതെന്നും ഏതൊക്കെ വില്ലേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടത്തിന്റെ, ചട്ടം 4(4) പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് ഡാറ്റാബാങ്ക് വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട അതോറിറ്റി. ഡാറ്റാബാങ്കുമായി ബന്ധപ്പെട്ട ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ (എ) പിരിവിലെ ചോദ്യത്തിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | വില്ലേജ് ഓഫീസുകൾ, കൃഷി ഭവൻ എന്നിവ കേന്ദ്രീകരിച്ച എന്തൊക്കെ ചുമതലകളാണ് ഇക്കാര്യത്തിൽ വകുപ്പുകൾ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്:<br>ഓരോ പഞ്ചായത്തിലും രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയിൽ വില്ലേജ് ഓഫീസർ ഒരു അംഗമായിരിക്കും. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും, അത് പുതുക്കുന്നതിനും സമിതിയെ സഹായിക്കേണ്ടത് വില്ലേജ് ഓഫീസറുടെ ചുമതലയാണ്.<br><br>വില്ലേജിലെ നെൽവയലുകളുടെയും, തണ്ണീർത്തടങ്ങളുടെയും വിവരം അടങ്ങിയ ഡാറ്റാ ബാങ്കിന്റെ പകർപ്പ് വില്ലേജ് ഓഫീസിൽ പൊതുജനങ്ങൾക്ക് പരിശോധിക്കാനായി ലഭ്യമാക്കേണ്ടതും വില്ലേജ് ഓഫീസറുടെ |

| | | | |
|---|---|---|---|
| | | | ചുമതലയാണ്.<br><br>2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഓരോ പഞ്ചായത്തിലുമുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ (LLMC) കൺവീനർ എന്ന നിലയിൽ കൃഷി ഓഫീസറുടെ ചുമതലകൾ താഴെ പറയുന്നവയാണ്:<br>ഓരോ വില്ലേജിലെയും, നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറാണ് കൃഷി ഓഫീസർ. സമിതിയുടെ യോഗങ്ങൾ വിളിച്ചുചേർക്കുന്നതും തീരുമാനങ്ങൾ നടപ്പിലാക്കുന്നതും ഇദ്ദേഹമാണ്.<br><br>വില്ലേജിലെ നെൽവയലുകളുടെ കൃത്യമായ വിവരം അടങ്ങിയ ഡാറ്റാ ബാങ്ക് (Data Bank) തയ്യാറാക്കുന്നത് കൃഷി ഓഫീസറുടെ നേതൃത്വത്തിലാണ്. ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്താനുള്ള അപേക്ഷകൾ (Form 5) പരിശോധിക്കുക, ഗസറ്റ് വിജ്ഞാപനം വന്ന ഡാറ്റാ ബാങ്ക് പൊതുജനങ്ങൾക്ക് പരിശോധിക്കാനായി കൃഷി ഭവനിൽ സൂക്ഷിക്കുക എന്നിവ കൃഷി ഓഫീസറുടെ ചുമതലയാണ്. |
| (ഡി) | 2017 ൽ ആരംഭിച്ച വാലിഡേഷൻ ജോലികൾ ഇത്രയേറെ നീണ്ടു പോയതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കാമോ; | (ഡി) | കരട് ഡാറ്റാബാങ്കിന്റെ ലഭ്യത അനുസരിച്ച് കെ.എസ്.ആർ.ഇ.സി-യാണ് ഡാറ്റാബാങ്ക് വാലിഡേഷൻ നടത്തി വരുന്നത്. ഒരു വർഷം 125 എണ്ണം വെച്ച് 4 ഘട്ടങ്ങളായി 500 എണ്ണം പൂർത്തികരിച്ചിട്ടുണ്ട്. |
| (ഇ) | നെൽവയൽ - തണ്ണീർത്തടഡേറ്റാ ബാങ്ക് വാലിഡേഷൻ നടപടികൾ ഉർജ്ജിതമാക്കുമോ; വിശദമാക്കാമോ? | (ഇ) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്കിന്റെ വാലിഡേഷൻ പ്രവർത്തികൾക്കായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിക്കൊണ്ട് 08.06.2025-തീയതിയിലെ സ. ഉ. (സാധാ) നം.1374/2025/RD നമ്പർ ഉത്തരവ് പ്രകാരം 230.80 ലക്ഷം (രണ്ട് കോടി മുപ്പത് ലക്ഷത്തി എൺപതിനായിരം രൂപ) രൂപ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും നൽകുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു.<br>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്കിന്റെ വാലിഡേഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 17.06.2025 തീയതിയിൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെയും, ബഹു. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ബഹു. റവന്യൂവും-ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും, ഡാറ്റാബാങ്ക് വാലിഡേഷനുമായി ബന്ധപ്പെട്ട നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കെ. എസ്. ആർ. ഇ. സി., തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>ഡാറ്റാബാങ്കിന്റെ അപ്ഡേഷനുമായി ബന്ധപ്പെട്ട് (a) നെൽവയൽ/തണ്ണീർത്തടമാണെന്ന് കെ.എസ്.ആർ.ഇ.സി. കണ്ടെത്തിയ ഭൂമിയുടെ മുഴുവൻ വിവരങ്ങൾ, (b) പ്രസ്തുത വിവരങ്ങൾ സർവ്വേ നമ്പരും, സബ്ഡിവിഷൻ നമ്പരുമായി ഒത്തുനോക്കിയുള്ള വിവരങ്ങൾ, (c) സാധ്യമായിടത്തോളം ഡാറ്റാബാങ്കിലുൾപ്പെട്ട ഭൂമിയുടെ സർവ്വേനമ്പരും, സബ്ഡിവിഷൻ നമ്പരും ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള വിവരങ്ങൾ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു പോർട്ടൽ തയ്യാറാക്കുന്നതിനും, "എന്റെ ഭൂമി" പോർട്ടലിന് സമാന്തരമായ ഡിജിറ്റലൈസേഷൻ പ്ലാറ്റ്ഫോം ഡാറ്റാബാങ്കിനായി രൂപപ്പെടുത്തുന്നതിനുമായി കെ.എസ്.ആർ.ഇ.സി. ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.<br><br>ഇപ്രകാരം ഡേറ്റാ ബാങ്ക് വാലിഡേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. 577 ഡാറ്റാബാങ്കിന്റെ വാലിഡേഷനാണ് ഇപ്പോൾ നടന്നുവരുന്നത്. ആയതിൽ 60% ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ അടുത്ത മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## Annexure

| | The list of 500 Databank Validation Reports Completed | |
|---|---|---|
| **No** | **District** | **KrishiBhavan** |
| | | |
| 1 | **Thiruvananthapuram** | Anad |
| 2 | | Anchuthengu |
| 3 | | Aruvikkara |
| 4 | | Aryanad |
| 5 | | Attingal(M) |
| 6 | | Attipra |
| 7 | | Athiyannoor |
| 8 | | Azhoor |
| 9 | | Edava |
| 10 | | Balaramapuram |
| 11 | | Chemmaruthy |
| 12 | | Cherunniyoor |
| 13 | | Chirayinkeezhu |
| 14 | | Kadakampally |
| 15 | | Kadakkavur |
| 16 | | Kadinamkulam |
| 17 | | Kallara |
| 18 | | Kalliyoor |
| 19 | | Karavaram |
| 20 | | Kattakada |
| 21 | | Kazhakuttom |
| 22 | | Kanjiramkulam |
| 23 | | Kudappanakunnu |
| 24 | | Kulathoor |
| 25 | | Kuttichal |
| 26 | | Malayinkeezhu |
| 27 | | ManacaudVillage(TVMC) |
| 28 | | Maranalloor |
| 29 | | Mudakkal |
| 30 | | Madavoor |
| 31 | | Muttatharavillage(TVMC) |
| 32 | | PettahVillageTVM(C) |
| 33 | | Nedumangad |
| 34 | | Nemom |
| 35 | | Neyyattinkara |
| 36 | | Nellanad |
| 37 | | Ottasekharamangalam |
| 38 | | Ottoor |
| 39 | | Panavoor |

| | | |
|---|---|---|
| 40 | | Pallichal |
| 41 | | Pallikkal |
| 42 | | PattomVillagesTVM(C) |
| 43 | | Parassala |
| 44 | | Pazhayakunnummel |
| 45 | | PeroorkadaVillages TVM(C) |
| 46 | | Perumpazhuthoor |
| 47 | | KowdiarVillagesTVM© |
| 48 | | Kottukal |
| 49 | | Poovachal |
| 50 | | Pulimath |
| 51 | | Pullampara |
| 52 | | SasthamangalamVillageTVM(C) |
| 53 | | Sreekaryam |
| 54 | | ThirumalaVillage TVM(C) |
| 55 | | Thiruvallam |
| 56 | | Thirupuram |
| 57 | | ThycaduVillageTVM(C) |
| 58 | | Ulloor |
| 59 | | Uzhamalakkal |
| 60 | | Vakkom |
| 61 | | Vembayam |
| 62 | | Vamanapuram |
| 63 | | Vanchiyoor |
| 64 | | Varkala (M) |
| 65 | | Vattiyurkavu |
| 66 | | Vellanadu |
| 67 | | Vellarada |
| 68 | | Vettoor |
| 69 | | Vilappil |
| 70 | | Vilavoorkal |
| 71 | | Vizhinjam |
| **Total-71** | | |
| 1 | **Kollam** | Adichenalloor |
| 2 | | Chadayamangalam |
| 3 | | Edamulackal |
| 4 | | Elampalloor |
| 5 | | East Kallada |
| 6 | | Kadakkal |
| 7 | | Karunagappally |
| 8 | | Kilikollur |
| 9 | | Kottamkara |

| | | |
|---|---|---|
| 10 | | Kottarakara Munci |
| 11 | | Kummil |
| 12 | | Kunnathur |
| 13 | | Kundara |
| 14 | | Kalluvathukkal |
| 15 | | Mayyanad |
| 16 | | Melila |
| 17 | | Mylam |
| 18 | | Neendakara |
| 19 | | Panayam |
| 20 | | Paravoor |
| 21 | | Pavithreswaram |
| 22 | | Pooyapilly |
| 23 | | Poruvazhy |
| 24 | | PerayamKlm |
| 25 | | Perinad |
| 26 | | Poothakkulam |
| 27 | | Punalur |
| 28 | | Sasthamcotta |
| 29 | | Ummannoor |
| 30 | | Thalavoor |
| 31 | | Thrikkaruva |
| 32 | | Thazhava |
| 33 | | Thekkumbhagam |
| 34 | | Thrikkovilvattom |
| 35 | | Vadakkevila |
| 36 | | VeliyamKlm |
| 37 | | WestkalladaKlm |
| **Total-37** | | |
| 1 | **Pathanamthitta** | Adoor |
| 2 | | Eraviperoor |
| 3 | | Elanthoor |
| 4 | | Kadambanad |
| 5 | | Kadapra |
| 6 | | Kodumon |
| 7 | | Koipram |
| 8 | | Kutoor |
| 9 | | Naranammoozhi |
| 10 | | Niranam |
| 11 | | Panthalom-Thonnallur |
| 12 | | Peringara |

| | | |
|---|---|---|
| 13 | | Thiruvalla |
| **Total- 13** | | |
| 1 | **Alappuzha** | AmbalapuzhaNorth |
| 2 | | Aroor |
| 3 | | Arrokutty |
| 4 | | Bharanikavu |
| 5 | | Budhanoor |
| 6 | | Cheppadalpy |
| 7 | | Cheriyanad |
| 8 | | Chunakara |
| 9 | | Cheruthana |
| 10 | | Mulakkuzha |
| 11 | | Nedumudi |
| 12 | | Pallippuram |
| 13 | | Pattanakkad |
| 14 | | Ramankary |
| 15 | | Thakazhy |
| 16 | | Thazhakkara |
| 17 | | Thekkekkara(LSGD) |
| 18 | | Thuravur |
| 19 | | Thycattussery |
| **Total- 19** | | |
| 1 | **Kottayam** | Athirumpuzha |
| 2 | | Akalakunnam |
| 3 | | Aymanam |
| 4 | | Bharanganam |
| 5 | | Changanassery(M) |
| 6 | | Chembu |
| 7 | | Ettumannur |
| 8 | | Kaduthuruthy |
| 9 | | Kallara |
| 10 | | Kangazha |
| 11 | | Kidangoor |
| 12 | | Kottayam |
| 13 | | Kanakkary |
| 14 | | Kumaranelloor |
| 15 | | Kumarakom |
| 16 | | Karukachal |
| 17 | | Karoor |
| 18 | | Kurichy |
| 19 | | Kuruvilangad |

| | | |
|---|---|---|
| 20 | | Kooroppada |
| 21 | | Kozhuvanal |
| 22 | | Madappally |
| 23 | | Manarcad |
| 24 | | Manimala |
| 25 | | Maravanthuruthu |
| 26 | | Meenadom |
| 27 | | Moonnilav |
| 28 | | Mulakkulam |
| 29 | | Muttambalam |
| 30 | | Nattakom |
| 31 | | Njeezhoor |
| 32 | | Neendoor |
| 33 | | Pallickathodu |
| 34 | | Puthupally |
| 35 | | Thalappalam |
| 36 | | Thalayolaparambu |
| 37 | | Thrikkodithanam |
| 38 | | TV Puram |
| 39 | | Udayanapuram |
| 40 | | Uzhavoor |
| 41 | | Vaikom |
| 42 | | Vakathanam |
| 43 | | Vazhappally |
| 44 | | Vechoor |
| 45 | | Veliyannur |
| 46 | | Velloor |
| **Total-46** | | |
| 1 | **Idukki** | Alakode |
| 2 | | Edavetty |
| 3 | | Kumaramangalam |
| 4 | | Thodupuzha(M) |
| **Total- 4** | | |
| 1 | **Ernakulam** | Aarakkuzha |
| 2 | | Aavoli |
| 3 | | Aayavana |
| 4 | | Aikkaranadu |
| 5 | | Alangad |
| 6 | | Aluva |
| 7 | | Amballur |
| 8 | | Angamaly |

| | | |
|---|---|---|
| 9 | | Asamannur |
| 10 | | Ayyampuzha |
| 11 | | Chengamanad |
| 12 | | Chittattukara |
| 13 | | Choornikkara |
| 14 | | Chottanikkara |
| 15 | | Edakkattuvayal |
| 16 | | Edathala (LSGD) |
| 17 | | Elanji |
| 18 | | Eloor |
| 19 | | Kadungalloor |
| 20 | | Kaladi |
| 21 | | Kalamassery(LSGD) |
| 22 | | Kanjoor |
| 23 | | Karukutti |
| 24 | | Keerampara |
| 25 | | Keezhmadu |
| 26 | | Kizhakkambalam |
| 27 | | Koothattukulam |
| 28 | | Koovappadi |
| 29 | | Kottappadi |
| 30 | | Kottuvalli |
| 31 | | Kumbalam |
| 32 | | Kumbalangi |
| 33 | | Kunnathunadu |
| 34 | | Kunnukara |
| 35 | | Kuttamppuzha |
| 36 | | Malayatoor- Neeleswaram |
| 37 | | Maneed |
| 38 | | Manjalloor |
| 39 | | Manjapra |
| 40 | | Maradu |
| 41 | | Marady |
| 42 | | Mazhuvannur |
| 43 | | Mookkannoor |
| 44 | | Mudakkuzha |
| 45 | | Mulanthuruthy |
| 46 | | Nedumbassery |
| 47 | | Nellikuzhi |
| 48 | | Okkal |
| 49 | | Paingottur |

| | | |
|---|---|---|
| 50 | | Paipra |
| 51 | | Palakkuzha |
| 52 | | Pallarimangalom |
| 53 | | Parakkadavu |
| 54 | | PerumbavoorMC |
| 55 | | Pindimana |
| 56 | | Poothrikka |
| 57 | | Pothanikkadu |
| 58 | | Puthenvelikkara |
| 59 | | Ramamangalam |
| 60 | | Rayamangalam |
| 61 | | Sreemulanagaram |
| 62 | | Thirumarady |
| 63 | | Thiruvaniyoor |
| 64 | | Thiruvankulam |
| 65 | | Thrikkakara-M |
| 66 | | Thuravoor |
| 67 | | Tripunithura |
| 68 | | Udayamperoor |
| 69 | | Valakom |
| 70 | | Varappetti |
| 71 | | Varapuzha |
| 72 | | Vazhakkulam |
| 73 | | Vengola |
| 74 | | Vengoor |
| **Total-74** | | |
| 1 | **Thrissur** | Adat |
| 2 | | Aloor |
| 3 | | Annamanada |
| 4 | | Anthikkad |
| 5 | | Arimboor |
| 6 | | Arthat |
| 7 | | Avanoor |
| 8 | | Avinissery |
| 9 | | Ayyanthole |
| 10 | | Chazhur |
| 11 | | Chalakudy |
| 12 | | Chavakkad(M) |
| 13 | | Cherppu |
| 14 | | Choondal |
| 15 | | Desamangalom KB |

| | | |
|---|---|---|
| 16 | | Edathiruthi |
| 17 | | Edavilangu |
| 18 | | Elavally |
| 19 | | Engandiyur |
| 20 | | Eriyad |
| 21 | | Erumapetty |
| 22 | | Guruvayur(M) |
| 23 | | Irinjalakkuda |
| 24 | | Kadappuram |
| 25 | | Kadavallur |
| 26 | | KadukkuttiKB |
| 27 | | Kaippamangalam |
| 28 | | Kaipparambu |
| 29 | | Kandanassery |
| 30 | | Karalam |
| 31 | | Kattoor |
| 32 | | Kodakara |
| 33 | | Kodungallur |
| 34 | | Kolazhi |
| 35 | | Kuzhur |
| 36 | | Kondazhi |
| 37 | | Koorkanchery |
| 38 | | Koratty |
| 39 | | Kunnamkulam |
| 40 | | Madakkathara |
| 41 | | Mala |
| 42 | | ManalurKB |
| 43 | | Mathilakam |
| 44 | | Mattathur |
| 45 | | Melur |
| 46 | | Methala |
| 47 | | MulankunnathukavuKB |
| 48 | | MullasseriKB |
| 49 | | MulloorkkaraKB |
| 50 | | Mundathicode |
| 51 | | Muriyad |
| 52 | | Nadathara |
| 53 | | Nattika |
| 54 | | NenmanikkaraKB |
| 55 | | Ollur |
| 56 | | Orumanayoor |

| | | |
|---|---|---|
| 57 | | Padiyoor |
| 58 | | Pananchery |
| 59 | | Panjal |
| 60 | | Paralam |
| 61 | | Pavaratty |
| 62 | | Pazhayannur |
| 63 | | Perinjanam |
| 64 | | Pookode |
| 65 | | Poomangalom |
| 66 | | Porathissery |
| 67 | | Porkulam |
| 68 | | Poyya |
| 69 | | Punnayoorkkulam |
| 70 | | Punnayur |
| 71 | | Puthenchira |
| 72 | | Puthur |
| 73 | | Sree Narayanapuram |
| 74 | | Thaikkad |
| 75 | | Thalayazham KB |
| 76 | | Thalikkulam |
| 77 | | Thanniyam |
| 78 | | Thekkumkara |
| 79 | | Thiruvilwamala |
| 80 | | Tholur |
| 81 | | Thrikkur |
| 82 | | ThrissurC |
| 83 | | Vaarandarappilly |
| 84 | | Vadakkekkad |
| 85 | | Valappad |
| 86 | | Vallachira |
| 87 | | Varavoor |
| 88 | | Vatanappilly |
| 89 | | Vellangalloor |
| 90 | | Velookkara |
| 91 | | Velur |
| 92 | | Venkitangu |
| 93 | | Vilvattom |
| **Total-93** | | |
| 1 | **Palakkad** | AkathetharaPkd |
| 2 | | Ananganadi |
| 3 | | Alanallur |

| | | |
|---|---|---|
| 4 | | Anakkara |
| 5 | | Chalissery |
| 6 | | Cherplassery(M) |
| 7 | | Elappully |
| 8 | | Erimayur |
| 9 | | Kadampazhipuram |
| 10 | | Kannadi |
| 11 | | Kannambra |
| 12 | | Kappur |
| 13 | | Kollamkode |
| 14 | | Kottai |
| 15 | | Kottoppadam |
| 16 | | Kulukallur |
| 17 | | Kumarampurthur |
| 18 | | Kuthanur |
| 19 | | Malampuzha |
| 20 | | Mathur |
| 21 | | Mannur |
| 22 | | Nallepilly |
| 23 | | Nellaya |
| 24 | | Nenmara |
| 25 | | Ongallur |
| 26 | | Pattambi |
| 27 | | Pattithara |
| 28 | | Perumatty |
| 29 | | Pottassery |
| 30 | | Pudukkode |
| 31 | | Sholayoor |
| 32 | | Shornur(M) |
| 33 | | Tarur |
| 34 | | Tathamangalam_Chittur |
| 35 | | Thachampara |
| 36 | | Thiruvegappura |
| 37 | | Vadavanur |
| 38 | | Vandazhy |
| 39 | | VellinezhiPKd |
| **Total-39** | | |
| 1 | **Malappuram** | Alankode |
| 2 | | Alipparamba |
| 3 | | Amarambalam |
| 4 | | Anakkayam |

| | | |
|---|---|---|
| 5 | | ARNagar |
| 6 | | Areacode |
| 7 | | Athavanad |
| 8 | | Chelembra |
| 9 | | Cheriyamundam |
| 10 | | Cherukavu |
| 11 | | Chokkad |
| 12 | | Edappal |
| 13 | | Edavanna |
| 14 | | Elayavoor |
| 15 | | Kalady |
| 16 | | Kalpakanchery |
| 17 | | Kalikkavu |
| 18 | | Kannamangalam |
| 19 | | Kodur |
| 20 | | Karulai |
| 21 | | Kavanur |
| 22 | | Keezhuparamba |
| 23 | | Kondotty |
| 24 | | Kottakkal |
| 25 | | Kuttippuram |
| 26 | | Kuzhimanna |
| 27 | | Malappuram-M |
| 28 | | Mampad |
| 29 | | Mangalam |
| 30 | | Manjeri -M |
| 31 | | Marakkara |
| 32 | | Morayur |
| 33 | | Muthuvalloor(LSGD) |
| 34 | | Nannambra |
| 35 | | Nediyirippu |
| 36 | | Nilambur(M) |
| 37 | | Niramaruthur |
| 38 | | Pallikkal |
| 39 | | Pandikkad |
| 40 | | Peruvallur |
| 41 | | Ponmala |
| 42 | | Ponmundam |
| 43 | | Ponnani |
| 44 | | Pookkottur |
| 45 | | Porur |

| | | |
|---|---|---|
| 46 | | Pulpatta |
| 47 | | Purathur |
| 48 | | Tanur |
| 49 | | Tenhipalam(LSGD) |
| 50 | | Thalakkad |
| 51 | | Thanalur |
| 52 | | Thirunnavaya |
| 53 | | Thiruvali |
| 54 | | Thrikkalangode |
| 55 | | Tirur - M |
| 56 | | Tirurangadi |
| 57 | | Triprangode |
| 58 | | Urangattiri |
| 59 | | Valavannur |
| 60 | | Vattamkulam |
| 61 | | Vazhayur |
| 62 | | Vettathur |
| 63 | | Veliyancode |
| 64 | | Vettom |
| 65 | | Wandoor |
| **Total-65** | | |
| 1 | **Kozhikode** | Beypoor |
| 2 | | CheruvannoorNallalam |
| 3 | | Chorode |
| 4 | | Edachery |
| 5 | | Elathur |
| 6 | | Feroke(M) |
| 7 | | Meppayur |
| 8 | | Payyoli |
| 9 | | Thurayur |
| **Total- 09** | | |
| 1 | **Wayanad** | Ambalavayal |
| 2 | | Edavaka |
| 3 | | Mananthawady |
| 4 | | Meenangadi |
| 5 | | Padinjarethara |
| 6 | | Muttil |
| **Total-06** | | |
| 1 | **Kannur** | Anthoor(M) |
| 2 | | Azhikkode |
| 3 | | Anjarakandy |

| | | |
|---|---|---|
| 4 | | Edakkad |
| 5 | | Elayavoor |
| 6 | | Iritty(M)/Keezhur-Chavassery |
| 7 | | Kannur(C) |
| 8 | | Keezhallur |
| 9 | | Kuthuparamba |
| 10 | | Pappinissery |
| 11 | | Payyannur |
| 12 | | Puzhathi |
| 13 | | Thaliparamba |
| **Total- 13** | | |

| | | |
|---|---|---|
| 1 | **Kasargod** | Cheruvathur |
| 2 | | Kanchangadmunicipality |
| 3 | | Kasaragod |
| 4 | | Madhur |
| 5 | | Madikkai |
| 6 | | Manjeshwar |
| 7 | | Meenja |
| 8 | | Nileshwar |
| 9 | | Paivalike |
| 10 | | Pilikode |
| 11 | | Valiyaparamba |
| **Total-11** | | |

| Sl.No | District | Total |
|---|---|---|
| 1 | Thiruvananthapuram | 71 |
| 2 | Kollam | 37 |
| 3 | Pathanamthitta | 13 |
| 4 | Alappuzha | 19 |
| 5 | Kottayam | 46 |
| 6 | Idukki | 04 |
| 7 | Ernakulam | 74 |
| 8 | Thrissur | 93 |
| 9 | Malappuram | 65 |
| 10 | Palakkad | 39 |
| 11 | Kozhikode | 09 |
| 12 | Wayanad | 06 |
| 13 | Kannur | 13 |
| 14 | Kasaragode | 11 |
| **Total** | | 500 |

Jayalekshmi A.C

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കുകളുടെ വാലിഡേഷൻ പ്രവൃത്തിക്കായുള്ള കെ.എസ്.ആർ.ഇ.സി - യുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1374/2025/RD തീയതി,തിരുവനന്തപുരം, 08-06-2025

---

പരാമർശം:-
1. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.03.2025-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം.
2. 25.03.2025-ലെ കെ.എസ്.ആർ.ഇ.സി ഡയറക്ടറുടെ A-100/2016/KSREC നമ്പർ റിപ്പോർട്ട്.
3. 01.02.2023-ലെ സ.ഉ.(സാധാ)നം.541/2023/RD പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ 23.05.2025-ലെ യോഗതീരുമാനം.

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പരാമർശം (1) പ്രകാരമുള്ള യോഗതീരുമാനപ്രകാരം, ഡാറ്റാബാങ്ക് വാലിഡേഷൻ പ്രവൃത്തി 3 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി, കെ.എസ്.ആർ.ഇ.സി - ക്ക് നിർദ്ദേശം നല്കിയിരുന്നു.

2. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ പ്രവൃത്തിക്കായി വേണ്ടുന്ന അധിക വിഭവ ശേഷിയുടെ ആവശ്യത്തിലേക്കായി കെ.എസ്.ആർ.ഇ.സി ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (2) പ്രകാരമുള്ള പ്രൊപ്പോസൽ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി 01.02.2023-ലെ സ.ഉ.(സാധാ)നം.541/2023/RD പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ 23.05.2025-ലെ യോഗം വിശദമായി പരിശോധിച്ചു.

3. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം (2) (ഡി) പ്രകാരം, ആക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ

ശേഖരിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകളുടെ ആവശ്യത്തിലേക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിലെ തുക ചെലവഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

**4.** ആയതിനാൽ, പരാമർശം **(3)**-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ പ്രവൃത്തിക്കായി, പരാമർശം **(2)**-ലെ പ്രൊപ്പോസൽ പ്രകാരമുള്ള **230.80** ലക്ഷം രൂപ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കെ.എസ്.ആർ.ഇ.സി, വികാസ് ഭവൻ, തിരുവനന്തപുരം
കൃഷി വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(A&E)**/(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ - **REV-P1/280/2017-REV** )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു.റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്
ബഹു.കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്